**ഏലിയ-ശ്ലീവാ-മൂശാക്കാലം മൂന്നാം ഞായർ - 2016 സെപ്തംബർ 4**

(മത്താ. 13: 24-30)

**വചനസന്ദേശം: റവ. ഫാ. മാർട്ടിൻ എടയന്ത്രത്ത്**

**നന്മയുടെ പേരിൽ കാണപ്പെടുന്ന തിന്മയുടെ കളകൾ:**

ഉപ്പു മുതൽ കർപ്പൂരം വരെ വാങ്ങുമ്പോഴോ, പുതിയ വാർത്തകളോ, ഗവേഷണഫല ങ്ങളോ, പ്രസ്ഥാനങ്ങളോ, സൗഹൃദങ്ങളോ, സാധ്യതകളോ നമുക്ക് മുന്നിൽ എത്തു മ്പോഴോ നമുക്ക് ഉള്ളിൽ കൊള്ളുന്ന ഒരു ചോദ്യമുണ്ട്. Is it real? Is it credible? നന്മ, നല്ലത്, നല്ലവൻ ഇന്ന് തിരിച്ചറിയാൻ നമ്മൾ വല്ലാതെ ബുദ്ധിമുട്ടുന്നു. നോട്ടം കൊണ്ടോ, വാക്കു കൊണ്ടോ ചിലപ്പോൾ വർഷങ്ങളുടെ സഹവാസം കൊണ്ടോ തിരിച്ചറിയാൻ പറ്റാത്ത സാഹചര്യം. നന്മയും തിന്മയും തമ്മിൽ അപകടകരമായ സാദൃശ്യം തോന്നുന്ന ഇടങ്ങളെക്കുറിച്ചാണ് യേശു സൂചിപ്പിക്കുന്നത്. കുടുംബങ്ങളും സഭയും പൊതുസമൂ ഹവും ഒന്നും ഈ ഇടങ്ങളിൽ നിന്ന് മുക്തമല്ല. കളകൾ പറിക്കുമ്പോൾ വിളകളും പോകാൻ സാധ്യതയുള്ളിടത്തോളം സാദൃശ്യം.

നന്മയുടെ കൊടുമുടിയായ പറുദീസയിലും എത്തിയ പ്രലോഭകൻ; ദൈവത്തിന്റെ വാക്കുകളോട് സാദൃശ്യം തോന്നിപ്പിക്കുന്ന രീതിയിൽ സംസാരിച്ചു, ആദാമിനെ വീഴ്ത്തി (ഉല്പത്തി 3). (കണ്ണിന് കൗതുകകരവും ആസ്വാദ്യകരവും അറിവേകുന്നതും ആണിത് എന്നു വാഗ്ദാനം.) പറുദീസയിൽ കളവിതറിയ പ്രലോഭകൻ നമ്മുടെ കുടുംബത്തിലും സഭാ കൂട്ടായ്മയിലും പൊതുസമൂഹത്തിലും അനുദിനം കള വിതറുന്നുണ്ട്. നന്മയോട് സാദൃശ്യമുള്ളതും വിനാശകാരിയുമായ കളകൾ. (എന്തിന് മരുഭൂമിയിൽ വചനം തന്നെ പറഞ്ഞുകൊണ്ടാണ് യേശുവിനെ വീഴ്ത്താൻ പ്രലോഭകന്റെ വരവ്). നമ്മൾ നാളുക ളുടെ പരിശ്രമം കൊണ്ട് വയലൊരുക്കി വിതച്ച സകല നന്മകളെയും സുകൃതങ്ങളെയും പാരമ്പര്യങ്ങളെയും തകർക്കാൻ ശേഷിയും തക്ക സാദൃശ്യവുമുള്ള തിന്മകളുടെ പ്രേര ണകൾക്ക് എന്റെ സൗഹൃദങ്ങൾ, സോഷ്യൽ മീഡിയയിലെ ബന്ധങ്ങൾ, ഞാൻ അനുഗ മിക്കുന്ന ചിന്താധാരകൾ, പ്രസ്ഥാനങ്ങൾ, എന്റെ പ്രണയം (അതോ പ്രേമമോ?), കാണുന്ന സിനിമകൾ, വായിക്കുന്ന പുസ്തകങ്ങൾ, എന്റെ പണ-സമ്പാദനമാർഗ്ഗങ്ങൾ ഇതിലൊ ക്കെ യുക്തിഭദ്രമായും സൗന്ദര്യാത്മകമായും ഒളിഞ്ഞിരിക്കുന്ന പ്രലോഭകന്റെ വിത്തു കൾ? വിശ്വാസത്തെ കവച്ചു വയ്ക്കുന്ന പ്രേമമായും, ലക്ഷ്യത്തെ സാധൂകരിക്കുന്ന മാർഗ്ഗ മായും, വിമർശിക്കുന്നതിനേക്കാൾ ദുഷിക്കാനുള്ള ത്വരയായും വിശ്വാസത്തെ തകർക്കുന്ന ദുഃസ്വാതന്ത്ര്യത്തിന്റെ ആകാശമായും പുളയുകയും ഇഴയുകയും ആണീ പ്രലോഭകന്റെ വിത്തുകൾ. നമ്മുടെ നന്മയുടെ വയൽ നിറയെ. ഈ പ്രലോഭകന്റെ സീൽക്കാരം മധുരമയ മായി തോന്നിയാലോ? എന്നും അത് അങ്ങനെ ആയിരുന്നു. നമ്മുടെ സൺഡെ ക്ലാസ്സിന്റെ നിഷ്കളങ്കതയിൽ നിന്ന് കുഞ്ഞുങ്ങൾ രക്തം ഒഴുകിപ്പരക്കുന്ന ISIS പാളയങ്ങളിൽ എത്തി യിട്ട് നാളുകൾ അധികം ആയില്ലല്ലോ!

പ്രലോഭകൻ വിതറുന്ന തിന്മയുടെ കളകൾക്ക് ഒരു പ്രത്യേകതയുണ്ട് വിളയെന്ന് തോന്നിപ്പിക്കും; വിളയാറില്ല. സന്തോഷവും സ്വാതന്ത്ര്യവും സത്യ വും അതെന്ന് തോന്നി പ്പിക്കും; ശൂന്യതയും കുറ്റബോധവും പിന്നെ കൂടെപിറപ്പുകൾ ആകും. പറുദീസയിൽ വാക്കുപറഞ്ഞതൊന്നും കൊടുത്തില്ല പ്രലോഭകന്റെ പഴം.... വാക്ക് പറഞ്ഞതു നല്കാൻ ജീവന്റെ തമ്പുരാൻ പറ ഞ്ഞ വചനങ്ങൾക്കു മാത്രമേ കെല്പുള്ളൂ. മറ്റെല്ലാം യുക്തിഭ ദ്രവും സൗന്ദര്യാത്മകവുമായ വാഗ്ദാനങ്ങൾ മാത്രം. കുടുംബങ്ങളിലെ വചനജീവിത ത്തിന് നേരിടേണ്ടി വരുന്ന തടസ്സം ഉള്ളിൽ നിന്നു തന്നെയാണ്. പൊള്ളവാക്കുകളുമായി നമ്മെ വീഴ്ത്തുന്ന സദൃശ്യതിന്മകൾ. അവസാനം വരെ അവ നമുക്കൊപ്പം ഉണ്ടാകും.

നീതാന്ത ജാഗ്രത പരിശീലിച്ചേ മതിയാകൂ. അത് തന്നെ ആത്മീയവളർച്ചയ്ക്ക് അടിസ്ഥാനവും.

**നന്മയുടെയും തിന്മയുടെയും വേര് കെട്ടുപിണഞ്ഞിരിക്കുന്നു**

2016 മെയ് മാസം അവസാനത്തോടെയാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണിബ്ലയർ ലോകത്തോട് ക്ഷമാപണം നടത്തുന്നത്. കാര്യം ഇതാണ് 2003-ൽ അമേരിക്കയും ബ്രിട്ടനും ചേർന്ന് ഇറാക്കിനെതിരെ നടത്തിയ യുദ്ധം തെറ്റായ വിചാരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു എന്ന്. (ഇറാക്കിന്റെ കൈയിൽ ആണവായുധം ഉണ്ടെന്നു പറയുന്ന രഹസ്യ ഇന്റലിജൻസ് റിപ്പോർട്ട് - ചിൻക്കോർട്ട് റിപ്പോർട്ട് - ആയിരുന്നു യുദ്ധകാരണം) പതിനായിരങ്ങളുടെ ജീവഹാനി, കോടികളുടെ ദേശീയ നഷ്ടം, ഇറാക്കിന്റെ രാഷ്ട്രീയ സാമ്പത്തിക അസ്ഥിരത, ഒടുക്കം ഈ അസ്ഥിരതയിൽ നിന്ന് പൊട്ടിമുളച്ച ISIS ഭീകരപ്രസ്ഥാനവും. ഒരു തിന്മ തുടച്ചു നീക്കാനിറങ്ങിയിട്ട്, അതിന്റെ പതിന്മടങ്ങ് തിന്മകൾക്ക് രൂപംകൊടുത്തപോലെ ആയി ഈ യുദ്ധം. ഭീകരാക്രമണങ്ങളും ആയി ISIS കളും നിറഞ്ഞാടുകയാണല്ലോ!

തിന്മയുടെ സ്വാഭാവം എന്നും അങ്ങനെ ആയിരുന്നു. ഉപമയിൽ പറയുന്നതുപോലെ കള പറിച്ചാൽ വിളപോരും എന്ന രീതിയിൽ തിന്മയുടെ വേര് നന്മയുടെ വേരോട് ചേർന്ന് പിണഞ്ഞിരിക്കുന്നു. (ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ പറ്റാത്ത പൗലോസിന്റെ നിലവിളിയിൽ എല്ലാം വ്യക്തമാണ്.) തിന്മ ഇല്ലാതാക്കാനുള്ള മനുഷ്യന്റെ പ്രവൃത്തികൾ പലപ്പോഴും ദുരന്തത്തിലാണ് കലാശിക്കുന്നത്. തിന്മയെ ഇല്ലാതാക്കാനും നശിപ്പിക്കാനും ദൈവത്തിനേ കഴിയൂ. അതിനു ദൈവം സമയവും നിശ്ചയിച്ചിരിക്കുന്നു. തിന്മ തിരിച്ചറിയാനും അതിനെതിരെ ശബ്ദമുയർത്താനും ശ്രമിക്കരുത് എന്നല്ല തിന്മയെ നേരിടേണ്ടത് നാമിലെ നന്മയുടെ ശക്തികളെ വർദ്ധിപ്പിച്ചു കൊണ്ടും ഉണർ ത്തിക്കൊണ്ടും ആകണം. ധാന്യത്തിന്റെ ഘനം കൊണ്ട് കുനിഞ്ഞു പോകു ന്ന കതിരുകൾ ആണ് കളയെ വേർതിരിക്കാൻ യജമാനനെ സഹായിക്കുന്നത്. നന്മ തന്നെയാണ് തിന്മയ്ക്കെതിരെയുള്ള വിധിയും ആയുസ്സും. നിലമറന്നുള്ള ശക്തിപ്രകടനങ്ങളോ, വെട്ടിനിരത്തലുകളോ, പിഴുതെറിയലോ അല്ല നന്മ നിറയുന്ന നിതാന്ത കാത്തിരിപ്പിലാണ് തിന്മ അലിയുന്നത്. നല്ല കള്ള നും മഗ്ദ ലന മറിയവും വി. അഗസ്റ്റിനും സെ. പോളും ഒക്കെ പിഴുതു പോയേക്കാവുന്ന വിളകൾ ആയിരുന്നു. ഒപ്പമുണ്ടായിരുന്ന നന്മ നിറഞ്ഞവർ അവരുടെ വിധി മാറ്റിയെഴുതി.

സെ. പോൾ ഓർമ്മിപ്പിക്കുന്നു. പാപം വർദ്ധിച്ചപ്പോൾ കൃപയും വർദ്ധിച്ചെന്ന്, അതിനാലാണ് രക്ഷ സാധ്യമായത് (ശിക്ഷയോ കോപമോ വർദ്ധിച്ചിരുന്നെങ്കിലോ!) തിന്മ ചുറ്റും വളരുമ്പോൾ വളരേണ്ടത് നന്മകൾ ആണ്. കരുണാർദ്രമായ കാത്തിരിപ്പിന്റെ നന്മകൾ. തിന്മയുടെ കാരണവും ലക്ഷ്യവും നമുക്ക് ആഗ്രഹമെങ്കിലും ഓരോ തിന്മയും നമ്മിലെ നന്മ ഉണർന്നു വരാനുള്ള കാരണവും സാധ്യതയും ആയി എടുക്കാൻ സാധിച്ചാൽ അനുഗ്രഹ വും കൃപകളും ഒഴുകും. തിന്മയുടെ ഓരോ ചലനവും നമ്മിലെ ദൈവപുത്ര ഭാവത്തെ ഉണർത്തിവിടാനുള്ള  കാരണങ്ങളാകട്ടെ.